പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 889 — 03.12.2014 - ൽ മറുപടിയ്ക്ക്

## പറമ്പിക്കുളം - ആളിയാർ കരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. സി. കെ. നാണു<br>ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം 30 കൊല്ലത്തെ ശരാശരിയെടുത്ത് അതനുസരിച്ച് ജലത്തിന്റെ വിഭജനം നടത്തിയാൽ കേരളത്തിന് ഓരോ നദീതടത്തിലും കിട്ടേണ്ട വെള്ളം എത്രയെന്ന് കണക്കാക്കി അവലോകന ചർച്ചയിൽ അവതരിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അടങ്ങിയ പകർപ്പ് ലഭ്യമാക്കുമോ;<br><br>(ബി) തമിഴ്നാട് സമർപ്പിച്ച അവകാശ വാദങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ? | (എ) യും (ബി) യും | പറമ്പിക്കുളം - ആളിയാർ പദ്ധതി (പി.എ.പി) കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിലും, മന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലും നിരവധി ചർച്ചകൾ കേരളവും തമിഴ്നാട്ടും തമ്മിൽ നടന്നുവെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധികജല ലഭ്യത പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ പരസ്പരധാരണയിലെത്താൻ കഴിയാത്തതിനാൽ കരാർ പുനരവലോകനം നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. കരാർ പുനരവലോകന ചർച്ചകളിൽ കേരളവും തമിഴ്നാട്ടും സമർപ്പിച്ച നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധം ഒന്നും രണ്ടുമായിചേർത്തിരിക്കുന്നു.<br>കാലാകാലങ്ങളിലുള്ള സ്ഥിതിവിവര കണക്കുകൾ കൂടി അടിസ്ഥാനപ്പെടുത്തിയാണ് നിർദ്ദേശങ്ങൾ വിവിധ കാലയളവിൽ നടന്ന ചർച്ചകളിൽ മുന്നോട്ടുവെച്ചിട്ടുള്ളത്.<br>അധികജലലഭ്യതയുൾപ്പെടെയുള്ള കാര്യങ്ങളിൽ സംസ്ഥാന താത്പര്യം സംരക്ഷിച്ചുകിട്ടത്തക്കവിധം ചർച്ചകൾ പുരോഗമിപ്പിക്കുവാൻ പരമാവധി ശ്രമിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്